## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-10, 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് – ഖണ്ഡിക 3(9) - എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**ജി.ഒ (ആർ.ടി) നം.1626 /13/തസ്വഭവ തിരുവനന്തപുരം, തീയതി: 20/06/2013**

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 15/10/2012-ലെ എം3-28067/12 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 15/01/2013-ലെ എൽ.എഫ്/പിറ്റി3/23725/12 നമ്പർ കത്ത്.

3) ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19/04/2013-ലെ എ 1-2546/13 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്ത 24,300/- രൂപയും 2008-09 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(9) പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി കറവമാടുകളുടെ വേനൽക്കാല പരിരക്ഷയ്ക്ക് ചെലവഴിച്ച 71,380/- രൂപയും തൊഴുത്ത് നിർമ്മാണത്തിനായി ചെലവഴിച്ച 54,000/- രൂപയും ഓഡിറ്റ് നിരാകരിച്ചിരുന്നു.

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ 2007-08, 2008-09 വർഷങ്ങളിൽ 'കറവുമാടുകളുടെ വേനൽക്കാല പരിരക്ഷ', 'തൊഴുത്ത് നിർമ്മാണം'എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിയത് ക്ഷീര കർഷകർക്ക് ഉപകാരപ്രദവും പാലുൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് സഹായകരമാവുമെന്ന് കണ്ടതിനാലാണെന്നും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നതിന് ആയിട്ടുണ്ടെന്നും യഥാവിധി അപേക്ഷ ക്ഷണിച്ച് ഗ്രാമസഭ മുഖേന തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളുവെന്നും പദ്ധതി നിർവ്വഹണത്തിൽ യാതൊരു പരാതിയും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ടി ചെലവുകൾക്ക് സാധൂകരണം നൽകണമെന്നുമുള്ള 20/04/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(7)-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും പരാമർശം (3) പ്രകാരം സാധൂകരണത്തിനുള്ള തുകകൾക്ക് വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 20/04/2012-ലെ യോഗത്തിലെ 1(7) നമ്പർ തീരുമാന പ്രകാരം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് മാപ്പാക്കണമെന്നപേക്ഷിച്ചതിനാലും പദ്ധതി, ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലും സർക്കാർ സാധൂകരണത്തിന് ശുപാർശ ചെയ്യാനുള്ള ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 17/08/2012-ലെ 1(6)എ, 1(6) ബി തീരുമാനം പരിഗണിച്ചും 2007-08-ലെ ഖണ്ഡിക 3(10), 2008-09-ലെ ഖണ്ഡിക 3(9) എന്നിവയിലെ തടസ്സങ്ങൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10-ൽ തടസ്സപ്പെടുത്തിയ 24,300/- (ഇരുപത്തിനാലായിരത്തി മുന്നൂറ് രൂപ മാത്രം) 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(9) -ൽ തടസ്സപ്പെടുത്തിയ 1,25,380/- (71,380+54,000) (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി മുന്നൂറ്റി എൺപത് രൂപ മാത്രം) എന്നീ തുകകൾ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ